(സി) ഹയർസെക്കണ്ടറി തുല്യതാ കോഴ്സിന്റെ (ഹ്യുമാനിറ്റീസ്, കൊമേഴ്സ്) പ്ലസ് വൺ രജിസ്ട്രേഷൻ പൂർത്തിയാവുകയും 14 ജില്ലകളിലും ഇതിനായി സമ്പർക്കപഠന ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എസ്.സി.ഇ.ആർ.ടി.-യുടെ സഹകരണത്തോടെ ഹയർ സെക്കണ്ടറി പഠന സാമഗ്രികൾ തയ്യാറാക്കി കരിക്കുലം കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി 10 വിഷയങ്ങളിലായി 13 പുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്തിക്കുണ്ട്. ജില്ലകളിൽ 213 സമ്പർക്ക പഠന കേന്ദ്രങ്ങളിലായി 18368 പഠിതാക്കൾ ഹ്യുമാനിറ്റീസ്, കൊമേഴ്സ് എന്നീ ഗ്രൂപ്പുകളിൽ പഠനം നടത്തിവരുന്നു. പൊതുപരീക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഹയർ സെക്കന്ററി ഡയറക്ടറേറ്റിന്റെ നേതൃത്വത്തിലാണ് നടത്തുന്നത്. യോഗ്യരും പരിചയ സമ്പന്നരുമായ ഹയർസെക്കണ്ടറി അദ്ധ്യാപകരെ തെരഞ്ഞെടുത്ത് ക്ലാസ്സുകൾ ജില്ലാ തലത്തിൽ നടത്തിവരുന്നു.

ഹയർ സെക്കണ്ടറി അദ്ധ്യാപകർ

55 (1131) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി കോമേഴ്സ് അദ്ധ്യാപകരുടെ (ജൂനിയർ - സീനിയർ) സ്ഥിരം-ഒഴിവുകൾ 31-10-2015 വരെ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) എൻ.ജെ.ഡി .ഉൾപ്പെടെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റിപ്പോർട്ട് ചെയ്യാനുള്ള ഒഴിവുകൾ എത്ര;

(സി) നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഒഴിവുകളിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ നിന്ന് എത്ര പേർക്ക് നിയമനം നടത്തിയെന്ന് വ്യക്തമാക്കുമോ;

(ഇ) റാങ്ക് ലിസ്റ്റിലുള്ള മുഴുവൻ പേർക്കും നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) ഹയർ സെക്കണ്ടറി കൊമേഴ്സ് ജൂനിയർ അദ്ധ്യാപകരുടെ 110 ഒഴിവുകളും സീനിയർ അദ്ധ്യാപകരുടെ 15 ഒഴിവുകളും നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹയർ സെക്കണ്ടറി കൊമേഴ്സ് ജൂനിയർ അദ്ധ്യാപകരുടെ 358 ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തതിൽ 67 പേർ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തതിനാൽ 61 ഒഴിവുകൾ എൻ.ജെ.ഡി. ആയി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 6 എൻ.ജെ.ഡി. ഒഴിവുകൾ ഉൾപ്പെടെ 16 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഹയർ സെക്കണ്ടറി കൊമേഴ്സ് സീനിയർ അദ്ധ്യാപകരുടെ 32 ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തതിൽ 4 പേർ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തതിനാൽ 51 ഒഴിവുകൾ എൻ.ജെ.ഡി. ആയി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂളിനു വിധേയമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ട മുഴുവൻ ഒഴിവുകളും റിപ്പോർട്ട് ചെയ്യുന്നതിന് ഹയർ സെക്കണ്ടറി ഡയറക്ടർ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. സീനിയർ തസ്തികയിലേക്ക് 36 പേർക്കും ജൂനിയർ തസ്തികയിലേക്ക് 398 പേർക്കും നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ഇ) ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

ഹയർ സെക്കണ്ടറി സ്കൂളുകൾ

56 (1132) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ എത്ര ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ; സർക്കാർ/ എയ്ഡഡ്/അൺ എയ്ഡഡ് എന്നീ ക്രമത്തിലുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) എയ്ഡഡ് മേഖലയിലും അൺ എയിഡഡ് മേഖലയിലും അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളുടെ മാനേജ്മെന്റ് സംബന്ധിച്ച വിശദാംശം നൽകാമോ ;

(സി) എയ്ഡഡ് മേഖലയിൽ അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളും ബാച്ചുകളും ഉൾപ്പെടെ എത്ര അദ്ധ്യാപക , അദ്ധ്യാപകേതര തസ്തികകൾ സൃഷ്ടിക്കപ്പെട്ടുവെന്ന് അറിയിക്കുമോ ;

(ഡി) ഹയർ സെക്കണ്ടറി സ്കൂളുകളിൽ അനുവദിച്ച തസ്തികളുടെ ഭാഗമായി സർക്കാരിന് എന്ത് തുക അധിക ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly